# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5991 7/7/2014 ൽ മറുപടിയ്ക്ക്

## നാളികേര ടെക്നോളജി മിഷന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ<br>,, റ്റി.എ. അഹമ്മദ് കബീർ<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, എൻ. ഷംസുദ്ദീൻ | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) നാളികേരത്തിൽ നിന്നുള്ള മൂല്യ വർദ്ധിതോല്പന്നങ്ങളുടെ സംസ്കരണത്തിനും, ഗവേഷണത്തിനും നാളികേര ടെക്നോളജി മിഷന്റെ അംഗീകാരത്തോടെ നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം നല്കാമോ; | (എ) കൃഷി വകുപ്പിൽ ടെക്നോളജി മിഷൻ പദ്ധതികൾ നടപ്പിലാക്കുന്നില്ല. എന്നാൽ നാളികേര വികസന ബോർഡിന് കീഴിൽ നാളികേര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നവീകരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും നാളികേര ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വേണ്ടിയുള്ള പദ്ധതികൾക്കുള്ള ധനസഹായത്തിനായി അപേക്ഷകൾ നാളികേര വികസന ബോർഡ് ടെക്നോളജി മിഷന്റെ ഭാഗമായി ക്ഷണിക്കുന്നുണ്ട്.<br>മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി സ്ഥാപിക്കുന്ന നാളികേര സംസ്കരണ കേന്ദ്രങ്ങൾക്ക് പദ്ധതിച്ചെലവിന്റെ 25% (പരമാവധി 50 ലക്ഷം രൂപ) ധനസഹായമായി നൽകുന്നു. പട്ടികജാതി/പട്ടികവർഗ്ഗവിഭാഗങ്ങളിലെ സ്ത്രീകൾക്ക് ഇതിനായി 33% ധനസഹായം നൽകുന്നു.<br>പായ്ക്ക് ചെയ്തതും അഗ്മാർക്ക് നിലവാരത്തിലുമുള്ള ബ്രാൻഡഡ് വെളിച്ചെണ്ണ, ഉരുക്ക് വെളിച്ചെണ്ണ , ഡയറ്ററി ഫൈബർ, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, കോക്കനട്ട് ചിപ്സ്, ഡിഫാറ്റഡ് കോക്കനട്ട് പൗഡർ, സ്നോബോൾ ടെണ്ടർ കോക്കനട്ട് , കോക്കനട്ട് മിൽക്ക് പൗഡർ, കോക്കനട്ട് ജാഗറി, ആക്റ്റിവേറ്റഡ് കാർബൺ, തേങ്ങാവെള്ളത്തിൽ നിന്നുമുള്ള വിനാഗിരി, ഷെൽ ചാർക്കോൾ, പാക്ക്ഡ് ടെണ്ടർ നട്ട് വാട്ടർ, |

| | | | |
|---|---|---|---|
| | | | പ്രോസസ്ഡ് ടെണ്ടർ വാട്ടർ, ഷെൽപൗഡർ, തൊണ്ട്/തടി കൊണ്ടുള്ള കരകൗശല വസ്തുക്കൾ, ക്കൊപ്ര ഡ്രയർ എന്നിവയെല്ലാം ധനസഹായത്തിനായി പരിഗണിക്കുന്ന പദ്ധതികളിൽ ചിലതാകുന്നു.<br>കൂടാതെ നാളികേരഉല്പന്നങ്ങളുടെ വിപണനത്തിനായിട്ടുള്ള പ്രവർത്തികൾക്ക് ചെലവിന്റെ 50% (വ്യക്തികൾക്ക് പരമാവധി 10 ലക്ഷം രൂപയും സഹകരണ സ്ഥാപനങ്ങൾക്ക് പരമാവധി 25 ലക്ഷം രൂപയും) അനുവദിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് ആവശ്യമായ നാളികേര അസംസ്കൃത വസ്തുക്കളുടെ ലഭ്യത സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദമാക്കുമോ; | (ബി) | നടത്തിയിട്ടില്ല. 2012-13 വർഷം കേരളത്തിൽ 7.98 ലക്ഷം ഹെക്ടറിൽ തെങ്ങ് കൃഷി ചെയ്തിട്ടുള്ളതായും 579.9 കോടി നാളികേരം ഉല്പാദനം ഉള്ളതായും കണക്കാക്കിയിട്ടുണ്ട്. |
| (സി) | ഇതോടനുബന്ധിച്ച്, ഇപ്പോൾ നാശോന്മുഖമായിട്ടുള്ള നാളികേര കൃഷി പുനരുജ്ജീവിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കാനായുള്ള പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. നാളികേര കൃഷിയുടെ പുനരുദ്ധാരണത്തിനായി 2013-14 വർഷം കേരശ്രീ എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുകയുണ്ടായി. ഇതനുസരിച്ച് ഒരു ഹെക്ടറിൽ തെങ്ങുകളുടെ വളപ്രയോഗം, സസ്യ സംരക്ഷണം, തടംതുറക്കൽ, ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ, രോഗബാധിതമായ തെങ്ങുകൾ മുറിച്ചു മാറ്റൽ, പുതിയ തെങ്ങിൻതൈ നടീൽ എന്നീ ഇനങ്ങൾക്കായി പരമാവധി 17,500/- രൂപയുടെ ധനസഹായം കേരകർഷകർക്ക് നൽകുകയുണ്ടായി. പുനരുദ്ധാരണം നടപ്പിലാക്കിയ രണ്ടാം വർഷ തോട്ടങ്ങൾക്ക് ഹെക്ടറിന് 9100/- രൂപ നിരക്കിൽ ധനസഹായം നൽകി. കൂടാതെ 9300 തെങ്ങുകയറ്റ യന്ത്രങ്ങൾ 2000/- രൂപ സബ്സിഡി നിരക്കിൽ വിതരണം നടത്തി. നാളികേര ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങൾക്കായി ക്ലസ്റ്റർ ഒന്നിന് 50000/- രൂപ നിരക്കിൽ ധനസഹായവും നൽകി.<br>2014-15 വർഷത്തിൽ കേരശ്രീ എന്ന പേരിൽ പ്രസ്താുത പദ്ധതി ചില മാറ്റങ്ങളോടെ സംസ്ഥാനത്ത് |

നടപ്പിലാക്കുന്നതാണ്. ഇതിലൂടെ 4500 ലക്ഷം രൂപയുടെ പദ്ധതികളാണ് കേരകൃഷി വികസനത്തിനായി നടപ്പാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

സംസ്ഥാന സർക്കാരിന്റെ മിഷൻ 676 ൽ ഉൾപ്പെടുത്തി കേര സമൃദ്ധി എന്ന പദ്ധതി, കുറിയ ഇനത്തിൽപ്പെട്ടതും സങ്കരയിനത്തിൽ പ്പെട്ടതുമായ തെങ്ങുകളുടെ കൃഷി സംസ്ഥാനത്ത് വ്യാപിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം കേരളപ്പിറവി ദിനമായ 1/11/2013 ൽ ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുക യുണ്ടായി.

നാളികേര വിലയിടിവിൽ നിന്നും കർഷകരെ സഹായിക്കുവാനായി തെരഞ്ഞെടുത്ത കൃഷി ഭവനുകൾ മുഖേന പച്ചത്തേങ്ങ സംഭരണം കേരഫെഡ് മുഖേന നടത്തി വരുന്നു. നിലവിൽ ഒരു കിലോ പച്ചത്തേങ്ങ **28** രൂപയ്ക്കാണ് സംഭരിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ